(ബി) ഇതിനകം എത്ര പ്ലോട്ടുകളുടെ പണി പൂർത്തിയാക്കി സർക്കാരിനെ ഏൽപ്പിച്ചിട്ടുണ്ട് ; ഈ വർഷം എത്ര എണ്ണത്തിന്റെ പണി പൂർത്തിയാക്കാൻ കഴിയും ;

(സി) പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും താലൂക്കുകളിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ കന്റോൺമെന്റ്, ജവഹർ നഗർ, പൂജപ്പുര എന്നിവിടങ്ങളിലും എറണാകുളം, പെരുമ്പാവൂർ, പാലക്കാട്, കോഴിക്കോട് എന്നീ പ്രദേശങ്ങളിലുമാണ് ഭവന നിർമ്മാണ ബോർഡ് സർക്കാർ ജീവനക്കാർക്ക് വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) വാടക വീട് പദ്ധതി പ്രകാരം ഇതുവരെ 1833 ഫ്ളാറ്റുകൾ വിവിധ ജില്ലകളിലായി ബോർഡ് നിർമ്മിച്ച് സർക്കാരിന് നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ചു മാത്രമേ പണി നടത്തുവാൻ കഴിയുകയുള്ളൂ.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം

30 (627) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഭവനനിർമ്മാണ രംഗത്ത് മറ്റു സ്ഥാപനങ്ങളുമായി മൽസരിക്കുവാൻ ഭവനനിർമ്മാണ ബോർഡിന് കഴിയാത്തതിന്റെ കാരണം വിലയിരുത്തുമോ ;

(സി) ഉപഭോക്താവിന്റെ ആവശ്യം അറിഞ്ഞ് വായ്പാ നയം ആവിഷ്ക്കരിക്കുന്നതിനും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിലും ബാങ്കിങ്ങ് സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) ഭവനനിർമ്മാണ ബോർഡിന്റെ വീടും ഫ്ളാറ്റും വാങ്ങാൻ ആളില്ലാത്ത അവസ്ഥ നിലവിലുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഭവനനിർമ്മാണ പദ്ധതികൾ കാലോചിതമായി ആവിഷ്ക്കരിക്കുവാനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനും ബോർഡിന്റെ കെടുകാര്യസ്ഥതയും അഴിമതിയും അവസാനിപ്പിക്കുവാനും സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മൈത്രി ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിയതുമൂലമുള്ള സാമ്പത്തിക ബാദ്ധ്യതയാലും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 492 കോടിയോളം രൂപ വക മാറ്റി ചെലവഴിച്ചതിന്റെ ഫലമായും ഭവനനിർമ്മാണ ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായി. ഇതുമൂലം വാണിജ്യാടിസ്ഥാനത്തിൽ സ്വകാര്യ കെട്ടിടനിർമ്മാതാക്കളുമായി മൽസരിക്കുവാൻ ബോർഡിന് ഇപ്പോൾ കഴിയുന്നില്ല. എന്നാൽ ബോർഡിന്റെ പ്രവർത്തനം ലാഭകരമാക്കുന്നതിനും ഭവനനിർമ്മാണ രംഗത്ത് ജനങ്ങൾക്ക് പ്രയോജനകരമായി പ്രവർത്തിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(സി) ഉണ്ട്.

(ഡി) വിവിധ പദ്ധതികളിലായി 35 പ്ലോട്ടുകളും 800 വീടുകളും 424 ഫ്ലാറ്റുകളും വിറ്റഴിക്കാനുണ്ട്. ഇവ വിലകുറച്ച് വിൽക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) മുൻ സർക്കാരിന്റെ കാലത്ത് മൈത്രി ഭവന പദ്ധതിക്കു വേണ്ടി ലഭിച്ച ഫണ്ട് വക മാറ്റി ചെലവഴിച്ചതുമൂലവും ഹഡ്കോയ്ക്കുള്ള തിരിച്ചടവ് മുടക്കിയതുകൊണ്ടും ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലായി. ഹഡ്കോ വായ്പാ സഹായം നിർത്തിവച്ചത് ബോർഡിന്റെ പദ്ധതികളെ ആകെ പ്രതികൂലമായി ബാധിച്ചു. ഹഡ്കോയുമായി നിരന്തരം ഉന്നതതല ചർച്ചകൾ നടത്തിയതിന്റെ ഫലമായി വായ്പാ സഹായം പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം നബാർഡിന്റെ പ്രവർത്തനം മെച്ചപ്പെടുമെന്നു പ്രതീക്ഷിക്കുന്നു. കൂടാതെ ബോർഡ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വിശദമായി പഠിക്കുന്നതിനും പോംവഴികൾ നിർദ്ദേശിക്കുന്നതിനും എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഭവനനിർമ്മാണ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി

31 (628) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത്, ഭവന നിർമ്മാണ ബോർഡിനു കീഴിൽ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വിവിധ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതികൾക്ക് ആകെ എന്തു ചെലവു വരും ;

(സി) ഭവനനിർമ്മാണ ബോർഡ് ഏതെല്ലാം ഏജൻസികളിൽ നിന്നും വായ്പയെടുത്തിട്ടുണ്ട് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരിച്ചടച്ച വായ്പയെ സംബന്ധിച്ച് വിശദ വിവരങ്ങൾ ലഭ്യമാക്കാമോ ;

(ഇ) താഴ്ന്ന വരുമാനക്കാരും ദുർബല വിഭാഗക്കാരുമായവർക്കുവേണ്ടി നിലവിലുള്ളതും പുതിയതായി നടപ്പാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly